# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5055 — 27-06-2019-ൽ മറുപടിയ്ക്ക്

## ജസ്ന മരിയയുടെ തിരോധാനം

### ചോദ്യം

**ശ്രീ. പി.സി. ജോർജ്**

(എ) കുമാരി ജസ്ന മരിയയുടെ തിരോധാനത്തിന്റെ അന്വേഷണത്തെ സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ഏത് ഏജൻസിയാണ്; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

### മറുപടി

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) & (ബി) കുമാരി ജസ്ന മരിയയുടെ തിരോധാനവുമായി ബന്ധപ്പെട്ട് വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 201/18 നമ്പർ കേസ് 302/CB/KLM & PTA/2018 ആയി റീ നമ്പർ ചെയ്ത് നിലവിൽ പത്തനംതിട്ട ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. ശ്രീ.കെ.എച്ച്. മുഹമ്മദ് കബീർ റാവുത്തരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ച് വരുന്നു. ടി കേസ്സിലേയ്ക്ക് നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള വിവിധ സ്ഥലങ്ങളിലും, ജസ്നയുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെടാൻ സാധ്യതയുള്ളതും, ഇതിലേയ്ക്ക് സംശയിക്കപ്പെടുന്നവരുമായ ആളുകളെ കേന്ദ്രീകരിച്ചും, പ്രസ്തുത ആൾക്കാരുടെ മൊബൈൽ ഫോൺ വിശദാംശങ്ങളും നവമാധ്യമ വിവരങ്ങളും ഉൾപ്പെടെ പരിശോധനയ്ക്ക് വിധേയമാക്കി അന്വേഷണം നടത്തിയതിൽ, കാണാതായ ജസ്നയെ കണ്ടെത്തുന്നതിന് ഉപകാരപ്രദമായ വിവരങ്ങൾ ഒന്നും തന്നെ നാളിതുവരെ ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**